## മധുരമായ കുട്ടികളെ – ജ്ഞാനത്തിന്റെ ബുൾബുൾ പക്ഷിയായി തനിക്ക് സമാനമാക്കുന്നതിന്റെ സേവനം ചെയ്യൂ, പരിശോധിക്കൂ എത്രപേരെ തനിക്ക് സമാനമാക്കി, ഓർമ്മയുടെ ചാർട്ട് എത്രയാണ്?

**ചോദ്യം:–** മനുഷ്യർക്ക് കൊടുക്കാൻ സാധിക്കാത്ത ഏതൊരു വാക്കാണ് ഭഗവാൻ തന്റെ കുട്ടികൾക്ക് കൊടുക്കുന്നത്?
**ഉത്തരം:–** ഭഗവാൻ വാക്ക് കൊടുക്കുന്നു – കുട്ടികളെ, ഞാൻ നിങ്ങളെ തീർച്ചയായും നമ്മുടെ വീട്ടിലേക്ക് കൊണ്ട് പോകും. നിങ്ങൾ ശ്രീമത്തിലൂടെ നടന്ന് പാവനമാകുകയാണെങ്കിൽ മുക്തിയിലേക്കും ജീവൻമുക്തിയിലേക്കും പോകും. അല്ലെങ്കിലും മുക്തിയിലേക്ക് എല്ലാവർക്കും പോകുക തന്നെ വേണം. ആര് ആഗ്രഹിച്ചാലും, ഇല്ലെങ്കിലും, ബലപ്രയോഗത്തിലൂടെ ആയാലും കണക്കുകളെല്ലാം തീർപ്പാക്കി കൊണ്ട് പോകും. ബാബ പറയുന്നു എപ്പോൾ ഞാൻ വരുന്നുവോ അപ്പോൾ നിങ്ങളെല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാകുന്നു, ഞാൻ എല്ലാവരെയും കൊണ്ട് പോകുന്നു.

**ഓം ശാന്തി**. കുട്ടികൾക്ക് ഇപ്പോൾ പഠിത്തത്തിൽ ശ്രദ്ധ നൽകണം. എന്താണോ മഹിമയുള്ളത്–സർവ്വഗുണ സമ്പന്നം 16 കലാ സമ്പൂർണ്ണം. . . .ഈ എല്ലാ ഗുണങ്ങളും ധാരണ ചെയ്യണം. പരിശോധിക്കണം എന്നിൽ ഈ ഗുണമുണ്ടോ? എന്തുകൊണ്ടെന്നാൽ എന്താണോ ആകുന്നത് അവിടേക്ക് തന്നെയാണ് നിങ്ങൾ കുട്ടികളുടെ ശ്രദ്ധ പോകുക. ഇപ്പോൾ ഇതിന്റെ ആധാരമാണെങ്കിൽ പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലുമാണ്. തന്റെ ഹൃദയത്തോട് ചോദിക്കണം ഞാൻ എത്ര പേരെ പഠിപ്പിക്കുന്നുണ്ട്? സമ്പൂർണ്ണ ദേവതയായി ആരും മാറിയിട്ടില്ല. ചന്ദ്രൻ സമ്പൂർണ്ണമായി മാറുമ്പോൾ എന്തുമാത്രം പ്രകാശമാണ്. ഇവിടെയും കാണാൻ സാധിക്കും– നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച്? ഇതാണെങ്കിൽ കുട്ടികൾക്ക് പോലും മനസ്സിലാക്കാൻ സാധിക്കും. ടീച്ചറും മനസ്സിലാക്കുന്നുണ്ട്. ഓരോ–ഓരോ കുട്ടിയിലേക്കും ദൃഷ്ടി പോകുന്നുണ്ട് അതായത് ഇവർ എന്താണ് ചെയ്യുന്നത്? എനിക്കായി എന്ത് സേവനമാണ് ചെയ്യുന്നത്? എല്ലാ പുഷ്പങ്ങളെയും നോക്കുന്നു. എല്ലാവരും പുഷ്പങ്ങളാണ്. പൂന്തോട്ടമല്ല. ഓരോരുത്തരും അവരുടെ അവസ്ഥ അറിയുന്നുണ്ട്. തന്റെ സന്തോഷം അറിയുന്നുണ്ട്. അതീന്ദ്രിയ സുഖമയ ജീവിതം അവരവരുടേത് ഓരോരുത്തരും അനുഭവിക്കുന്നുണ്ട്. ഒന്ന് ബാബയെ വളരെ–വളരെ ഓർമ്മിക്കുക. ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് പിന്നീട് റിട്ടേണുണ്ടാകുന്നത്. തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകുന്നതിന് വേണ്ടി നിങ്ങൾ കുട്ടികൾക്ക് വളരെ സഹജമായ ഉപായം പറഞ്ഞ് തരുന്നു– ഓർമ്മയുടെ യാത്ര. ഓരോരുത്തരും അവരവരുടെ ഹൃദയത്തോട് ചോദിക്കൂ എന്റെ ഓർമ്മയുടെ ചാർട്ട് ശരിയാണോ? ആരെയെങ്കിലും തനിക്ക് സമാനമാക്കുന്നുണ്ടോ? എന്തുകൊണ്ടെന്നാൽ ജ്ഞാന ബുൾബുളല്ലേ. ചിലർ തത്തയാണ്, ചിലരെന്താണ്– നിങ്ങൾക്ക് പ്രാവല്ല, തത്തയാകണം. തന്റെ ഹൃദയത്തോട് ചോദിക്കാൻ വളരെ എളുപ്പമാണ്. എനിക്ക് എത്രത്തോളം ബാബയെ ഓർമ്മയുണ്ട്? എത്രത്തോളം അതീന്ദ്രിയ സുഖത്തിൽ കഴിയുന്നുണ്ട്? മനുഷ്യനിൽ നിന്ന് ദേവതയാകണ്ടേ. മനുഷ്യൻ മനുഷ്യൻ തന്നെയാണ്. പുരുഷനായാലും സ്ത്രീ ആയാലും കാണാൻ മനുഷ്യൻ തന്നെയാണ്. പിന്നീട് നിങ്ങൾ ദൈവീക ഗുണം ധാരണചെയ്ത് ദേവതയാകുന്നു. നിങ്ങളെ കൂടാതെ വേറെ ആരും തന്നെ ദേവതയാകുന്നവരായി ഇല്ല. ഇവിടെ വരുന്നത് തന്നെ ദൈവീക കുലത്തിന്റെ ഭാഗമാകുന്നതിനാണ്. ഇവിടെയും നിങ്ങൾ ദൈവീക കുലത്തിന്റെ ഭാഗമാണ്. അവിടെ നിങ്ങളിൽ ഒരു ദ്വേഷത്തിന്റെ ശബ്ദം പോലും ഉണ്ടായിരിക്കില്ല. ഇങ്ങനെയുള്ള ദൈവീക പരിവാരത്തിന്റേതാകുന്നതിന് വേണ്ടി നന്നായി പുരുഷാർത്ഥം ചെയ്യണം. പഠിക്കേണ്ടതും നിയമമനുസരിച്ചായിരിക്കണം, ഒരിക്കലും നഷ്ടപ്പെടുത്തരുത്. ഇനി അസുഖമാണെങ്കിലും ബുദ്ധിയിൽ ശിവബാബയുടെ ഓർമ്മ ഉണ്ടായിരിക്കണം. ഇതിൽ വായ് ചലിപ്പിക്കേണ്ട കാര്യമില്ല. ആത്മാവിനറിയാം നമ്മൾ ശിവബാബയുടെ കുട്ടികളാണ്. ബാബ നമ്മളെ കൊണ്ട് പോകുന്നതിന് വന്നിരിക്കുന്നു. ഈ അഭ്യാസം വളരെ നന്നായി വേണം. ഇനി എവിടെയുമാകട്ടെ എന്നാൽ ബാബയുടെ ഓർമ്മയിൽ കഴിയൂ. ബാബ വന്നിരിക്കുന്നത് തന്നെ ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും കൊണ്ട് പോകുന്നതിനാണ്. എത്ര സഹജമാണ്. വളരെ പേരുണ്ട് അവർക്ക് കൂടുതൽ ധാരണ ചെയ്യാൻ സാധിക്കുന്നില്ല. ശരി ഓർമ്മിക്കൂ. ഇവിടെ എല്ലാം കുട്ടികളാണ് ഇരിക്കുന്നത്, ഇതിൽ പോലും നമ്പർവൈസാണ്. അതെ, തീർച്ചയായും ആകണം. ശിവബാബയെ തീർച്ചയായും ഓർമ്മിക്കുന്നുണ്ട്. മറ്റെല്ലാ കൂട്ടുകെട്ടുകളും മുറിച്ച് ഒരു കൂട്ടുകെട്ടിൽ ചേരുന്നവരായി എല്ലാവരും മാറും. മറ്റാരുടെയും ഓർമ്മ ഉണ്ടായിരിക്കില്ല. എന്നാൽ ഇതിൽ അന്തിമം വരേയ്ക്കും പുരുഷാർത്ഥം ചെയ്യേണ്ടതായുണ്ട്. പരിശ്രമം ചെയ്യണം. ഉള്ളിൽ എപ്പോഴും ഒരു ശിവബാബയുടെ മാത്രം ഓർമ്മയായിരിക്കണം. എവിടെ നടക്കാൻ–കറങ്ങാൻ പോയാലും ഉള്ളിൽ ഓർമ്മ ബാബയുടേത്

മാത്രമായിരിക്കണം. വായ അനക്കേണ്ട പോലും ആവശ്യമില്ല. സഹജമായ പഠിത്തമാണ്. പഠിപ്പിച്ച് നിങ്ങളെ തനിക്ക് സമാനമാക്കുന്നു. ഇങ്ങനെയുള്ള അവസ്ഥയിലേക്ക് തന്നെയാണ് നിങ്ങൾ കുട്ടികൾക്ക് പോകേണ്ടത്. ഏതുപോലെയാണോ സതോപ്രധാന അവസ്ഥയിൽ നിന്ന് വന്നത്, ആ അവസ്ഥയിലേക്ക് വീണ്ടും പോകണം. മനസ്സിലാക്കി തരുന്നതിൽ ഇത് എത്ര സഹജമാണ്. വീട്ടുജോലികൾ ചെയ്തും, നടന്നും-കറങ്ങിയും തന്നെ പുഷ്പമാക്കണം. പരിശോധിക്കണം എന്നിൽ ഒരു പ്രശ്നവും ഇല്ലല്ലോ, വജ്രത്തിന്റെ ഉദാഹരണം വളരെ നല്ലതാണ്, തന്നെ പരിശോധിക്കാൻ വേണ്ടി. നിങ്ങൾ സ്വയം സ്വയത്തിന്റെ ഭൂതക്കണ്ണാടിയാണ്. അതുകൊണ്ട് സ്വയം പരിശോധിക്കണം എന്നിൽ ദേഹ അഭിമാനം അൽപം പോലും ഇല്ലല്ലോ? ഈ സമയം എല്ലാവരും പുരുഷാർത്ഥികളാണ് എങ്കിലും ലക്ഷ്യം മുന്നിലില്ലേ. നിങ്ങൾക്ക് എല്ലാവർക്കും സന്ദേശം നൽകണം. ബാബ പറഞ്ഞിട്ടുണ്ട് പത്രത്തിലിടുന്നത് ചിലവുള്ളതാകട്ടെ, ഈ സന്ദേശം എല്ലാവർക്കും ലഭിക്കണം. പറയൂ ഒരു ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും പവിത്രമാകും. ഇപ്പോൾ ആരും പവിത്രമല്ല. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് പവിത്ര ആത്മാക്കളുള്ളത് പുതിയ ലോകത്തിലാണ്. ഈ പഴയ ലോകം അപവിത്രമാണ്. ഒരാൾ പോലും പവിത്രമായത് ഉണ്ടായിരിക്കില്ല. ആത്മാവ് എപ്പോഴാണോ പവിത്രമായി തീരുന്നത് അപ്പോൾ പഴയ ശരീരം ഉപേക്ഷിക്കുന്നു. ഉപേക്ഷിക്കുക തന്നെ വേണം. ഓർമ്മിച്ചോർമ്മിച്ച് നിങ്ങളുടെ ആത്മാവ് തീർത്തും പവിത്രമായി മാറും. ശാന്തിധാമത്തിൽ നിന്ന് നമ്മൾ പവിത്ര ആത്മാവായി വന്ന് ഗർഭ കൊട്ടാരത്തിൽ ഇരുന്നു. പിന്നീട് ഇത്രയും പാർട്ടഭിനയിച്ചു. ഇപ്പോൾ ചക്രം പൂർത്തിയാക്കി നിങ്ങൾ ആത്മാക്കൾ തന്റെ വീട്ടിലേക്ക് പോകും. അവിടെ നിന്ന് വീണ്ടും സുഖധാമത്തിലേക്ക് വരും. അവിടെ ഗർഭ കൊട്ടാരമായിരിക്കും. എങ്കിലും ഉയർന്ന പദവിക്ക് വേണ്ടി പുരുഷാർത്ഥം ചെയ്യണം, ഇത് പഠിത്തമാണ്. ഇപ്പോൾ നരക വേശ്യാലയം നശിച്ച് ശിവാലയം സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ എല്ലാവർക്കും തിരിച്ച് പോകണം.

നിങ്ങളും മനസ്സിലാക്കുന്നുണ്ട് നമ്മൾ ഈ ശരീരം ഉപേക്ഷിച്ച് പോയി പുതിയ ലോകത്തിൽ രാജകുമാരനും-രാജകുമാരിയുമാകും. ചിലർ മനസ്സിലാക്കും ഞാൻ പ്രജയിലേക്ക് പോകും, ഇതിൽ ലൈൻ തീർത്തും ക്ലിയറായിരിക്കണം. ഒരു ബാബയുടെ മാത്രം ഓർമ്മയായിരിക്കണം, മറ്റൊന്നും തന്നെ ഓർമ്മ വരരുത്. ഇതിനെയാണ് പറയുന്നത് പവിത്ര യാചകൻ. ശരീരവും ഓർമ്മ ഉണ്ടായിരിക്കരുത്. ഇതാണെങ്കിൽ പഴയ മോശമായ ശരീരമല്ലേ. ഇവിടെ ജീവിച്ചിരിക്കെ മരിക്കണം ഇത് ബുദ്ധിയിൽ ഉണ്ടായിരിക്കണം. ഇപ്പോൾ നമുക്ക് തിരിച്ച് വീട്ടിലേക്ക് പോകണം. നമ്മുടെ വീടിനെ മറന്നിരിക്കുകയായിരുന്നു. ഇപ്പോൾ വീണ്ടും ബാബ ഓർമ്മ ഉണർത്തിയിരിക്കുന്നു. ഇപ്പോൾ ഈ നാടകം പൂർത്തിയാകുന്നു. ബാബ മനസ്സിലാക്കി തരുന്നു നിങ്ങളെല്ലാവരും വാനപ്രസ്ഥികളാണ്. മുഴുവൻ വിശ്വത്തിലും എത്ര മനുഷ്യരുണ്ടോ, എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ് ഇപ്പോൾ. ഞാൻ വന്നിരിക്കുന്നു, എല്ലാ ആത്മാക്കളെയും വാണിക്ക് ഉപരി കൊണ്ട് പോകുന്നു. ബാബ പറയുന്നു ഇപ്പോൾ നിങ്ങൾ ചെറിയവരുടെ യും-വലിയവരുടെയും എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ്. വാനപ്രസ്ഥമെന്ന് എന്തിനെയാണ് പറയുന്നത്, ഇതും നിങ്ങൾ അറിഞ്ഞിരുന്നില്ല. അങ്ങനെ തന്നെ ഗുരുവിനെ സ്വീകരിച്ചിരുന്നു. നിങ്ങൾ ലൗകീക ഗുരുക്കൻമാരിലൂടെ അരകല്പം പുരുഷാർത്ഥം ചെയ്ത് വന്നു, എന്നാൽ ജ്ഞാനം ഒന്നും തന്നെ ഇല്ലായിരുന്നു. ഇപ്പോൾ ബാബ സ്വയം പറയുന്നു ഇപ്പോൾ ചെറിയവരുടെയും-വലിയവരുടെയും എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ്. മുക്തി അത് എല്ലാവർക്കും ലഭിക്കണം. ചെറിയവ രും-വലിയവരും എല്ലാവരും ഇല്ലാതാകും. ബാബ വന്നിരിക്കുന്നത് എല്ലാവരെയും വീട്ടിലേക്ക് കൊണ്ട് പോകുന്നതിനാണ്. ഇതിൽ കുട്ടികൾക്ക് വളരെ സന്തോഷമാണ് ഉണ്ടായിരിക്കേണ്ടത്. ഇവിടെ ദുഃഖമാണ് അനുഭവപ്പെടുന്നത് അതുകൊണ്ടാണ് തന്റെ മധുരമായ വീടിനെ ഓർമ്മിക്കുന്നത്. വീട്ടിലേക്ക് പോകാൻ ആഗ്രഹിക്കുന്നു എന്നാൽ ബുദ്ധിയില്ല. പറയുന്നു ഞങ്ങൾ ആത്മാക്കൾക്ക് ഇപ്പോൾ ശാന്തി വേണം. ബാബ ചോദിക്കുന്നു എത്ര സമയത്തേക്ക് വേണം- ഇവിടെയാണെങ്കിൽ ഓരോരുത്തർക്കും അവരവരുടെ പാർട്ടഭിനയിക്കണം. ഇവിടെ ആർക്കും ശാന്തിയിലിരിക്കാൻ സാധിക്കില്ല. അരകൽപം ഈ ഗുരുക്കൻമാർ മുതലായവർ നിങ്ങളെകൊണ്ട് വളരെ പരിശ്രമം ചെയ്യിച്ചു, പരിശ്രമം ചെയ്ത്, അലഞ്ഞലഞ്ഞ് കൂടുതൽ അശാന്തമായി. ഇപ്പോൾ ആരാണോ ശാന്തിധാമത്തിന്റെ അധികാരിയായിട്ടുള്ളത് അവർ വന്ന് എല്ലാവരെയും തിരിച്ച് കൊണ്ട് പോകുന്നു. പഠിപ്പിച്ചുകൊണ്ടുമിരിക്കുന്നു. ഭക്തി ചെയ്യുന്നത് തന്നെ നിർവ്വാണത്തിലേക്ക് പോകുന്നതിന് വേണ്ടിയാണ്, മുക്തിക്ക് വേണ്ടിയാണ്. ഇത് ഒരിക്കലും ആരുടെയും മനസ്സിൽ പോലും വരില്ല അതായത് നമ്മൾ സുഖധാമത്തിലേക്ക് പോകും. എല്ലാവരും വാനപ്രസ്ഥത്തിലേക്ക് പോകുന്നതിന് വേണ്ടിയാണ് പുരുഷാർത്ഥം ചെയ്യുന്നത്. നിങ്ങളാണെങ്കിൽ പുരുഷാർത്ഥം ചെയ്യുന്നത് സുഖധാമത്തിലേക്ക് പോകുന്നതിന് വേണ്ടിയാണ്. അറിയാം ആദ്യം ശബ്ദത്തിന് ഉപരിയുള്ള അവസ്ഥ തീർച്ചയായും വേണം. ഭഗവാനും പ്രതിജ്ഞ ചെയ്യുന്നു കുട്ടികളോട്- ഞാൻ നിങ്ങൾ കുട്ടികളെ തീർച്ചയായും തന്റെ വീട്ടിലേക്ക് കൊണ്ട് പോകും, ഏതൊന്നിന് വേണ്ടിയാണോ നിങ്ങൾ അരകൽപം ഭക്തി ചെയ്തത്.

ഇപ്പോൾ ശ്രീമത്തിലൂടെ നടക്കുകയാണെങ്കിൽ മുക്തിയിലേക്കും ജീവൻമുക്തിയിലേക്കും പോകും. അല്ല എങ്കിൽ ശാന്തിധാമത്തിലേക്ക് എല്ലാവർക്കും പോകുക തന്നെ വേണം. ആര് പോകാൻ ആഗ്രഹിച്ചാലും ഇല്ലെങ്കിലും, ഡ്രാമയനുസരിച്ച് എല്ലാവർക്കും തീർച്ചയായും പോകണം. ഇഷ്ടപ്പെട്ടാലും, ഇല്ലെങ്കിലും, ഞാൻ വന്നിരിക്കുന്നു എല്ലാവരെയും തിരിച്ച് കൊണ്ട് പോകുന്നതിന്. ബലം പ്രയോഗിച്ചാണെങ്കിലും കണക്ക് ഇല്ലാതാക്കിച്ച് തിരിച്ച് കൊണ്ട് പോകും. നിങ്ങൾ സത്യയുഗത്തിലേക്ക് പോകുന്നു, ബാക്കി എല്ലാവരും ശബ്ദത്തിന് ഉപരി ശാന്തിധാമത്തിൽ കഴിയുന്നു. ഒരാളെപോലും വിടില്ല. പോകുന്നില്ലെങ്കിൽ ശിക്ഷ നൽകി അടിച്ച് കൊണ്ട് പോകും. ഡ്രാമയിൽ പാർട്ട് തന്നെ ഇങ്ങനെയാണ് അതുകൊണ്ട് തന്റെ സമ്പാദ്യം ഉണ്ടാക്കി പോകുകയാണെങ്കിൽ പദവിയും നല്ലത് ലഭിക്കും. അവസാനം വരുന്നവർ എന്ത് സുഖമാണ് നേടുക. ബാബ എല്ലാവരോടും പറയുന്നു പോകേണ്ടത് തീർച്ചയാണ്. ശരീരങ്ങൾക്ക് തീ പിടിച്ച് ബാക്കി എല്ലാ ആത്മാക്കളെയും കൊണ്ട് പോകും. ആത്മാക്കൾ തന്നെയാണ് എന്നോടൊപ്പം ഒപ്പം വരേണ്ടത്. എന്റെ മതത്തിലൂടെ സർവ്വഗുണ സമ്പന്നവും 16 കലാ സമ്പൂർണ്ണവുമാകുകയാണെങ്കിൽ പദവിയും നല്ലത് ലഭിക്കും. നിങ്ങൾ വിളിച്ചിട്ടില്ലേ വന്ന് ഞങ്ങൾ എല്ലാവർക്കും മരണം നൽകൂ. ഇപ്പോൾ മരണം ഇതാ വന്നുകൊണ്ടിരിക്കുന്നു. ഒരാൾ പോലും രക്ഷപ്പെടില്ല. മോശമായ ശരീരം അവശേഷിക്കില്ല. തിരിച്ച് കൊണ്ട് പോകൂ എന്ന് വിളിച്ചത് തന്നെയാണ്. അതുകൊണ്ട് ബാബ പറയുന്നു - കുട്ടികളെ, ഈ മോശമായ ശരീരത്തിൽ നിന്ന് നിങ്ങളെ തിരിച്ച് കൊണ്ട് പോകും. നിങ്ങളുടെ ഓർമ്മചിഹ്നവും നിൽക്കുന്നുണ്ട്. ദിൽവാഡാ ക്ഷേത്രമില്ലേ- ഹൃദയം കവരുന്ന ആളുടെ ക്ഷേത്രം, ആദി ദേവൻ ഇരിക്കുന്നില്ലേ. ശിവബാബയുമുണ്ട്, ബാപ്ദാദ രണ്ട് പേരും തന്നെയുണ്ട്, ഇദ്ദേഹത്തിന്റെ ശരീരത്തിൽ ബാബ ഇരിക്കുക യാണ് നിങ്ങൾ അവിടെ പോകുകയാണെങ്കിൽ ആദിദേവനെ കാണുന്നു. നിങ്ങളുടെ ആത്മാവിനറിയാം ഇത് ബാപ്ദാദയാണ് ഇരിക്കുന്നത്.

ഈ സമയം നിങ്ങൾ ഏതൊരു പാർട്ടാണോ അഭിനയിക്കുന്നത് അതിന്റെ ഓർമ്മചിഹ്നത്തിന്റെ അടയാളമാണ് നിൽക്കുന്നത്. മഹാരഥിയും, കുതിരസവാരിക്കാരും, കാൽനടക്കാരുമുണ്ട്. അത് ജഡമാണ് ഇത് ചൈതന്യമാണ്. മുകളിൽ വൈകുണ്ഡവുമുണ്ട്. നിങ്ങൾ മോഡൽ കണ്ട് വരുന്നു, എങ്ങനെയാണ് ദിൽവാഡാ ക്ഷേത്രമുള്ളത്, നിങ്ങൾക്കറിയാം, കൽപ-കൽപം ഈ ക്ഷേത്രം ഇങ്ങനെ തന്നെയാണ് ഉണ്ടാക്കുന്നത്, അത് നിങ്ങൾ പോയി കാണും. ചില-ചിലർ സംശയിക്കുന്നു. ഈ എല്ലാ പർവ്വതങ്ങളും തുടങ്ങിയവയും പൊട്ടിപൊളിഞ്ഞ് പോയി വീണ്ടും ഉണ്ടാകും! എങ്ങനെ? ഇത് ചിന്തിക്കേണ്ടതില്ല. സ്വർഗ്ഗം ഇപ്പോൾ ഇല്ല, പിന്നീട് അതെങ്ങനെ വരും! പുരുഷാർത്ഥത്തിലൂടെ എല്ലാം ഉണ്ടാകുകയല്ലേ. നിങ്ങളിപ്പോൾ തയ്യാറെടുപ്പ് നടത്തികൊണ്ടിരിക്കുകയാണ്, സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് വേണ്ടി. ചില-ചിലർ ഇളക്കത്തിലേക്ക് വന്ന് പഠിത്തം തന്നെ ഉപേക്ഷിക്കുന്നു. ബാബ പറയുന്നു ഇതിൽ സംശയിക്കേണ്ട ഒരാവശ്യവുമില്ല. അവിടെ എല്ലാം തന്നെ നമ്മൾ നമ്മുടേത് ഉണ്ടാക്കും. ആ ലോകം തന്നെ സതോപ്രധാനമായിരിക്കും. അവിടുത്തെ പഴങ്ങളും-പൂക്കളുമെല്ലാം കണ്ട് വരുന്നു, പഴച്ചാറ് കുടിക്കുന്നു. സൂക്ഷ്മവതനത്തിലും, മൂലവതനത്തിലും ഇതൊന്നും തന്നെയില്ല. ബാക്കി ഇതെല്ലാമുള്ളത് വൈകുണ്ഢത്തിലാണ്. ലോകത്തിന്റെ ചരിത്രവും-ഭൂമിശാസ്ത്രവും ആവർത്തിക്കപ്പെടുന്നു. ഈ നിശ്ചയം അത് പക്കയായിരിക്കണം. ബാക്കി അരുടെയെങ്കിലും ഭാഗ്യത്തിൽ ഇല്ലെങ്കിൽ പറയും ഇതെങ്ങനെ സാധിക്കും! വജ്രവും രത്നങ്ങളും ഏതൊന്നാണോ ഇപ്പോൾ കാണാൻ പോലും സാധിക്കാത്തത് അത് പിന്നീടെങ്ങനെ ഉണ്ടാകും! എങ്ങനെ പൂജ്യരാകും? ബാബ പറയുന്നു ഈ കളി ഉണ്ടാക്കിയിട്ടുള്ളതാണ്- പൂജ്യരുടെയും പൂജാരിയുടെയും. നമ്മൾ തന്നെ ബ്രാഹ്മണൻ, ദേവത, ക്ഷത്രിയൻ. . . .ഈ സൃഷ്ടി ചക്രം അറിയുന്നതിലൂടെ നിങ്ങൾ ചക്രവർത്തീ രാജാവാകുന്നു. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് അതുകൊണ്ടാണ് പറയുന്നത്- ബാബ, കല്പം മുൻപും അങ്ങയുമായി കണ്ടുമുട്ടിയിരുന്നു. നമ്മുടെ തന്നെ ഓർമ്മചിഹ്നക്ഷേത്രമാണ് നിൽക്കുന്നത്. ഇതിന് ശേഷം തന്നെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ഉണ്ടാകുക. നിങ്ങളുടെ ചിത്രങ്ങൾ ഏതെല്ലാമാണോ അത് അത്ഭുതമാണ്, എത്ര താത്പര്യത്തോടെയാണ് വന്ന് കാണുന്നത്. മുഴുവൻ ലോകത്തിലും ആരും എവിടെയും കണ്ടിട്ടില്ല. ഇങ്ങനെയുള്ള ചിത്രമുണ്ടാക്കി ആർക്കും ജ്ഞാനം നൽകാൻ സാധിക്കില്ല. കോപ്പിയടിക്കാൻ സാധിക്കില്ല. ഈ ചിത്രം ഖജനാവാണ്. അതിലൂടെ നിങ്ങൾ കോടികോടി ഭാഗ്യശാലിയാകുന്നു. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മുടെ ചുവട്-ചുവടിൽ കോടികളുണ്ട്. പഠിത്തത്തിന്റെ ചുവട്. എത്രത്തോളം യോഗം വയ്ക്കുന്നോ, എത്രത്തോളം പഠിക്കുന്നോ അത്രത്തോളം കോടി. ഒരുവശത്ത് മായയും പൂർണ്ണ ശക്തിയോടെ വരും. നിങ്ങൾ ഈ സമയം തന്നെയാണ് ശ്യാമ-സുന്ദരനാകുന്നത്. സത്യയുഗത്തിൽ നിങ്ങൾ സുന്ദരനായിരുന്നു, സ്വർണ്ണിമയുഗി, കലിയുഗത്തിൽ ശ്യാമൻ, ഇരുമ്പുയുഗി. ഓരോ വസ്തുവും ഇങ്ങനെയാണയാണ്. ഇവിടെയാണെങ്കിൽ ഭൂമിപോലും ഗുണമില്ലാത്തതാണ്. അവിടെ ഭൂമിയും ഫസ്റ്റ് ക്ലാസ്സായിരിക്കും. ഓരോ വസ്തുവും സതോപ്രധാനമായിരിക്കും. ഇങ്ങനെയുള്ള രാജധാനിയുടെ അധികാരിയായി നിങ്ങൾ

മാറിക്കൊണ്ടിരിക്കുന്നു. അനേകം പ്രാവശ്യം ആയിട്ടുണ്ട്. വീണ്ടും ഇങ്ങനെയുള്ള രാജധാനിയുടെ അധികാരിയാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. പുരുഷാർത്ഥം കൂടാതെ എങ്ങനെ പ്രാലബ്ദം നേടും. ഒരു ബുദ്ധിമുട്ടുമില്ല.

മുരളി അച്ചടിക്കുന്നുണ്ട്, മുന്നോട്ട് പോകെ ലക്ഷം-കോടി കണക്കിന് അച്ചടിക്കും. കുട്ടികൾ പറയും എത്ര പൈസയാണോ ഉള്ളത് അത് യജ്ഞത്തിൽ സമർപ്പിക്കാം, എടുത്തുവച്ചിട്ടെന്ത് ചെയ്യും? മുന്നോട്ട് പോകെ കാണാം എന്ത്-എന്തെല്ലാമാണ് ഉണ്ടാകുന്നതെന്ന്. വിനാശത്തിന്റെ തയ്യാറെടുപ്പും കണ്ടുകൊണ്ടിരിക്കും. റിഹേർസൽ ഉണ്ടായിക്കൊണ്ടിരിക്കും. പിന്നീട് ശാന്തി ഉണ്ടാകും. കുട്ടികളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ഇതാണെങ്കിൽ വളരെ സഹജമാണ്. കേവലം ബാബയെ ഓർമ്മിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ഈ ശരീരത്തെ പോലും മറന്ന് പൂർണ്ണമായും പവിത്ര യാചകനാകണം. ലൈൻ ക്ലിയറാക്കി വയ്ക്കണം. ബുദ്ധിയിൽ ഉണ്ടായിരിക്കണം- ഇപ്പോൾ നാടകം പൂർത്തിയായി, നമ്മൾ നമ്മുടെ മധുരമായ വീട്ടിലേക്ക് പോകുന്നു.

2. പഠിത്തത്തിൽ ഓരോ ചുവടിലും കോടികളുണ്ട്, അതുകൊണ്ട് പഠിത്തം നല്ലരീതിയിൽ എന്നും പഠിക്കണം. ദേവതാ കുലത്തിന്റെ ഭാഗമാകുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം. സ്വയം സ്വയത്തോട് ചോദിക്കണം എനിക്ക് അതീന്ദ്രിയ സുഖം എത്രത്തോളം അനുഭവമാകുന്നുണ്ട്? സന്തോഷം നിലനിൽക്കുന്നുണ്ടോ?

## വരദാനം:- ബുദ്ധിയുടെ കൂട്ടും സഹയോഗത്തിന്റെ കൈയ്യും മുഖേന സന്തോഷത്തിന്റെ അനുഭവം ചെയ്യുന്ന ഭാഗ്യശാലി ആത്മാവായി ഭവിക്കട്ടെ.

സഹയോഗത്തിന്റെ അടയാളമായി പരസ്പരം കൈ കോർക്കുന്നത് പോലെ സദാ ബാബയുടെ സഹയോഗിയായി മാറുക- ഇതാണ് കൈ കോർക്കുക, സദാ ബുദ്ധി കൊണ്ട് കൂടെയിരിക്കുക അർത്ഥം മനസ്സിന്റെ ലഹരി ഒന്നിൽ വെക്കുക. സദാ സ്മൃതിയിലുണ്ടായിരിക്കണം ഈശ്വരീയ പൂന്തോട്ടത്തിൽ കൈ കോർത്ത് ഒപ്പം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിലൂടെ സദാ മനോരഞ്ജനത്തിലിരിക്കാം, സദാ സന്തുഷ്ടവും സമ്പന്നവുമായിരിക്കാം. അങ്ങനെയുള്ള ഭാഗ്യശാലിയായ ആത്മാക്കൾ സദാ സന്തോഷത്തിന്റെ അനുഭവം ചെയ്തുകൊണ്ടേയിരിക്കും.

## സ്ലോഗൻ:- ആശീർവ്വാദങ്ങളുടെ സമ്പാദ്യം ശേഖരിക്കാനുള്ള മാർഗ്ഗമാണ്- സന്തുഷ്ടമായിരിക്കുക, സന്തുഷ്ടരാക്കുക.